# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്




**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**

**ഒക്കൽ പഞ്ചായത്ത്**

**വാർഡ്- 8 കൂടാലപ്പാട്**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**

**തയ്യാറാക്കിയത് :പ്രിയ ജോസഫ്( വി ർ പി )**

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തിരുവനന്തപുരം**

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ  വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർ ഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രധാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുആസ്തികളും ദുർബലജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക് ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ  വരുത്തുന്ന ഭേദഗതികൾ  സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽ കുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17ആം വകുപ്പ് നിഷ്കർഷിക്കുന്നു . പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം  നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1.ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്ത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

2.കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ

3.പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു.

4.ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5.വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.

6.ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | 1608004004/IF/314334 | വാർഡ് 8 ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ |
| 2 | 1608004004/IC/317825 | വാർഡ് 8 പെരിയാർവാലി ചേരാനെ ല്ലൂർ ബ്രാഞ്ച് പുനരുദ്ധാരണം |
| 3 | 1608004004/LD/236759 | വാർഡ് 8 കൃഷിവകുപ്പുമായി സംയോജിച്ച് ജെ എൽ ജി പാട്ടത്തിനെടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യമാക്കൽ റീച്ച്1 |
| 4 | 1608004004/WC/299897 | വാർഡ 8 കുന്നേക്കാട്ടുമല നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം. |
| 5 | 1608004004/FP/306850 | പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിധ ബാധിത പ്രദേശങ്ങളിൽ കാന കളുടെയും തോടുകളുടെയും പുനരുദ്ധാരണം |
| 6 | 1608004004/LD/331135 | വാർഡ് 8 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ റീച്ച്1 |
| 7 | 1608004004/WH/290406 | വാർഡ് 8 ൽ ഉൾപ്പെടുന്ന പുല്ലാനിക്കുളം പുനരുദ്ധാരണം |
| 8 | 1608004004/IC/317826 | പെരിയാർവാലി കനാൽ (ഒക്കൽ ബ്രാഞ്ച് )പുനരുദ്ധാരണം |
| 9 | 1608004004/DP/171935 | പൊതു/സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ നടീലും സംരക്ഷണവും |

**ഫയൽ പരിശോധന**

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

**കവർ പേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച 9 ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു. എന്നാൽ ഷെൽഫ് ഓഫ് വർക്ക് സീരിയൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. പരിശോധിച്ച ഫയലുകളിൽ ഒന്നിലും തന്നെ സോഷ്യൽ ഓഡിറ്റ് നടത്തിയിരുന്നില്ല.

**ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.

**പരിശോധിച്ച് 9 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഡോക്യുമെന്റസ് ഉണ്ടായിരുന്നു. പക്ഷേ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.**

**ആക്ഷൻപ്ലാൻ കോപ്പി**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേ.ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും.

എന്നാൽ **പരിശോധിച്ച് 9 ഫയലിലും ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.**

**എസ്റ്റിമേറ്റ്**

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു.

എന്നാൽ ഇത് ഒറ്റ ഫയലിലും കണ്ടെത്താൻ സാധിച്ചില്ല. എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.എസ്റ്റിമേറ്റനൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ ചിലതിൽ മാത്രമേ ഇവ ഉണ്ടായിരുന്നുള്ളു.**സി ഐ ബി ചിലവ് പ്രത്യേകം കാണിച്ചിരുന്നു.**

## സാങ്കേതിക അനുമതി

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

പരിശോധിച്ച 9 ഫയലുകളിൽ 8 ഫയലിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു.എന്നാൽ
ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല.

## ഭരണാനുമതി

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.
ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
പരിശോധിച്ച 9 ഫയലുകളിൽ 8 ഫയലിലും ഭരണാനുമതി ഉണ്ടായിരുന്നു. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല.

## സംയോജിത പദ്ധതി

പരിശോധിച്ച ഒരു ഫയൽ ക്ഷീര വകുപ്പുമായി സംയോജിച്ചുള്ള തീറ്റപ്പുൽ കൃഷി ആയിരുന്നെങ്കിലും അതിന്റെ ഡോക്യൂമെന്റസ് ഒന്നും ഫയലിൽ കാണാൻ സാധിച്ചില്ല. കൃഷിവകുപ്പുമായി സംയോജിച്ചുള്ള ജെ എൽ ജി പാട്ടത്തിന് എടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ എന്നീ പ്രവർത്തിയിൽ കൃഷി വകുപ്പിൽ നിന്നുമുള്ള അനുമതി, ജെ എൽ ജി ഗ്രൂപ്പ് അനുമതി എന്നിവ ഉണ്ടായിരുന്നു.

**<u>തൊഴിലിനുള്ള അപേക്ഷ</u>**

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്.

പരിശോധിച്ച 9 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു എങ്കിലും തൊഴിലിന് അപേക്ഷ നൽകിയ തീയതി കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. അതോടൊപ്പം ചില ഫയലുകളിൽ പ്രവർത്തിയുടെ പേര് കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല.

**<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>**

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

**പ്രവർത്തിയുടെ പേരും സ്ഥലവും തൊഴിലാളികളുടെ ഡീറ്റെയിൽസും കാണിച്ചിരുന്നു. പരിശോധിച്ച 9ഫയലിൽ 5 എണ്ണത്തിൽ മാത്രം തൊഴിൽ അനുവദിച്ചത് സംബന്ധിച്ച് ഫോം ഉണ്ടായിരുന്നത്.**

**<u>ഇ മസ്റ്റർ റോൾ</u>**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോള്. പരിശോധിച്ച 9 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റർറോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും,സീലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .

**മെഷർമെന്റ് ബുക്ക്**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു.

അതോടൊപ്പം പരിശോധിച്ച എല്ലാ ഫയലുകളിലും മെഷർമെന്റ്ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നു

**മെറ്റീരിയൽ ബിൽ വൗച്ചർ**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.
പരിശോധിച്ച 9ഫയലുകളും മെറ്റീരിയൽ വർക്ക് ആയിരുന്നില്ല.

**വേജ് ലിസ്റ്റ്**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത് വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട രേഖയാണ് വേജ് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ 9 ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നു .

**ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .
പരിശോധിച്ച എല്ലാ ഫയലിലും FTO ഉണ്ടായിരുന്നു.

**പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാന് ഉപകരിക്കുന്ന ഒരു

രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്  അഥവാ പ്രവർത്തി  പൂർത്തീകരണ സാക്ഷ്യപത്രം .പരിശോധിച്ച 9 ഫയലിലും

**വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ, സൈൻ, തീയതി എന്നിവ എല്ലാ ഫയലിലും കാണാൻ സാധിച്ചില്ല.**

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു  പ്രവർത്തിയുടെ  ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ  ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന്  മനസിലാക്കാനുള്ള രേഖയാണ് മാസ്റ്റർറോൾ മൂവ്മെന്റ്  സ്ലിപ്. പരിശോധിച്ച് 9 ഫയലുകളിലും മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

## ഫോട്ടോഗ്രാഫ്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ , പ്രവർത്തി പൂർത്തീകരിച്ച് പൂർത്തീകരിച്ചതിനുശേഷം തുടങ്ങിയ  ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .

**പരിശോധിച്ച 9 ഫയലുകളിൽ 8 ഫയലിലും ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നു .**

## റോയൽറ്റി

**പരിശോധിച്ച 9 ഫയലുകളിൽ 5 ഫയൽ ഒഴികെ (കനാൽ, കാന കളും തോടുകളുടെയും പുനരുദ്ധാരണം, പുല്ലാനിക്കുളം പുനരുദ്ധാരണം, പൊതു സ്വകാര്യ ഭൂമിയിൽ വൃക്ഷ തൈകൾ നടിയിലും സംരക്ഷണവും  )എല്ലാ ഫയലിലും റോയൽറ്റി ഡോക്യൂമെന്റസ് സൂക്ഷിച്ചിരുന്നു.**

## ജിയോ ടാഗ്ഗ് ഫോട്ടോസ്

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

## സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും  രേഖപ്പെടുത്തുന്നതിനുള്ള  ആധികാരിക രേഖയാണ്  സൈറ്റ് ഡയറി.

**എല്ലാ ഫയലിലും വളരെ വ്യക്തമായി സൈറ്റ് ഡയറി രേഖപ്പെടുത്തിയിരുന്നു. ചില സൈറ്റ് ഡയറിയിൽ ചികിത്സാചെലവ്, പ്രോജക്ട് മീറ്റിംഗ് മിനിട്ട്സ് എന്നിവ ഉണ്ടായിരുന്നില്ല.**

തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .

## <u>രജിസ്റ്ററുകളുടെ പരിശോധന</u>

### കംപ്ലയിന്റ് രജിസ്റ്റർ

- സെപ്റ്റംബർ 2012-ജൂൺ 2019 വരെയുള്ള പരാതികൾ ആണ് രേഖപെടുത്തിയിരുന്നത്.
- സെപ്റ്റംബർ 2012 മുതൽ 2017 വരെയുള്ള കംപ്ലയിന്റ് 3/2/17 ൽ ജോയിന്റ് BDO സൈൻ വെച്ച് വേരിഫൈ ചെയ്തിട്ടുണ്ട്.
- 2019 കംപ്ലയിന്റ് വേരിഫൈ ചെയ്തിട്ടില്ല.
- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല.

### ഗ്രാമസഭ മിനിറ്റസ് രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2013 - 2018 വർഷത്തെ ഗ്രാമസഭ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

### ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- ഒക്കൽ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ കാർഡ് നമ്പറും വ്യക്തികളുടെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്.
- ആകെ 85 വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- തൊഴിൽ കാർഡ് നമ്പർ, തൊഴിൽ അവശ്യപെട്ട തിയതി, പ്രദേശം, വ്യക്തി, ദിവസം രേഖപെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നൽകിയതിനെ കുറിച്ചും, പ്രവൃത്തി, ദിവസം ബന്ധപെട്ട വിവരങ്ങളും ചേർത്തിട്ടുണ്ട്.
- അതിൽ നിന്നും ഡിമാൻഡ് കൊടുത്തു 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടിയെന്ന് മനസിലാക്കാൻ സാധിക്കും.

**തൊഴിൽ കാർഡ് രജിസ്റ്റർ**

- 198 വർക്കേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- രജിസ്റ്റർ ചെയ്തവരുടെ ഫോട്ടോ സഹിതം എല്ലാ ഡീറ്റെയിൽസ് രേഖപെടുത്തിയിട്ടുണ്ട് (പേര്, വയസ്, ജണ്ടർ, അഡ്രെസ്സ്, ബാങ്ക് ഡീറ്റെയിൽസ്, രെജിസ്ട്രേഷൻ ഡേറ്റ്, രെജിസ്ട്രേഷൻ നമ്പർ, )

**വർക്ക് രജിസ്റ്റർ**

- 2018-2019 വർഷത്തെ ആയിരുന്നു.
- രജിസ്റ്റർ സർട്ടിഫൈ ചെയ്തിരുന്നില്ല.

**ആസ്തി രജിസ്റ്റർ**

- വർക്ക് കോഡ്, വർക് തീർന്ന തിയതി, അസറ്റ് പേര്, തുടങ്ങിയ എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലുള്ള അസറ്റ് ഡീറ്റൈൽസും കാണാൻ സാധിച്ചു.

**മെറ്റീരിയൽ രജിസ്റ്റർ**

- 2018-2019 ലെ മെറ്റീരിയൽ രെജിസ്റ്റർ ആണ് കണ്ടത്.
- MIS നിന്നുള്ള കോപ്പിയാണ്. എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിട്ടുണ്ട്.

**<u>പ്രവർത്തികളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ</u>**

1. വാർഡ് 8 ക്ഷീരവകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/IF/314334 | വാർഡ് 8<br><br>ക്ഷീരവകുപ്പുമായി | 24/10/2018 | 3/11/18 | 75500 | 74465 |

| | | | | | |
|---|---|---|---|---|---|
| | സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ | | | | |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ജോസ് | തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ | 1476m2 | 200m2 | സർവ്വേ നമ്പർ പ്രകാരം ഉള്ള ഉപഭോക്താവിന്റെ ഭൂമിയിൽ നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്തിരുന്നു. |
| 2 | ദേവസി | തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ | | 220m2 | വേണ്ടവിധം തീറ്റപ്പുൽകൃഷി ചെയ്യുകയും അതിനെ പിന്നീട് പരിപാലിക്കുകയും ചെയ്തിരുന്നു. |
| 3 | സാജൻ | നിലമൊരുക്കൽ | | 90m2 | ഭൂമിയിൽ വിവിധയിടങ്ങളിലായി പ്രവർത്തി നടത്തിയിരുന്നു. |
| 4 | പത്രോസ് | നിലമൊരുക്കൽ | | 190m2 | ഒരുഭാഗം തീറ്റപ്പുൽ വിളവെടുത്തു കഴിഞ്ഞിരുന്നു. |
| 5 | മോഹനൻ | നിലമൊരക്കൽ | | 120m2<br>120m2 | വളരെ നല്ല രീതിയിൽ തന്നെ പരി പാലിച്ചിരുന്നു. |
| 6 | രാജു | നിലമൊരുക്കൽ | | 138m2 | തീറ്റപ്പുൽ കൃഷി ചെയ്തതായി കാണാൻ സാധിച്ചു |
| 7 | പൈ | നിലമൊ | | | ഉടമസ്ഥരോട് ചോദിച്ചതിൽ |

| | | | | | |
|---|---|---|---|---|---|
| | ലി | രുക്കൽ | | 45m2 | നിന്നും വളരെ നല്ല രീതിയിൽ തന്നെ തൊഴിലാളികൾ നിലം ഒരുക്കി നൽകി എന്നാണ് അറിയാൻ കഴിഞ്ഞത്. |
| 8 | സതീ ദേവി | നിലമൊ രുക്കൽ | | 54m2 | |
| 9 | തങ്കച്ച ൻ | നിലമൊ രുക്കൽ | | | കൂടുതൽ ഉപഭോക്താക്കൾ ക്കും ഉപയോഗപ്രദമായ പ്രവർത്തി തന്നെയായിരുന്നു. |
| 10 | ഗംഗാ ധരൻ | നിലമൊ രുക്കൽ | | 180m2 | ഉടമസ്ഥനോട് ചോദിച്ചതിൽ നിന്നും പ്രവർത്തി നന്നായി ചെയ്തു നൽകി എന്നാണ് അറിയാൻ സാധിച്ചത്. |
| 11 | ത്രേസ്യ | നിലമൊ രുക്കൽ | | 50m2 | പ്രവർത്തി നടത്തിയ പ്രദേശത്ത് കൂടുതൽ പേർക്കും പശുക്കൾ ഉള്ളതിനാൽ ഉപകാരപ്രദമായ പ്രവർത്തി തന്നെയായിരുന്നു ഇത്. |

.

- മെഷർമെന്റ് ബുക്ക് പ്രകാരം ഉണ്ടായിരുന്ന എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും പ്രവർത്തി ചെയ്തിരുന്നു.
- തൊഴിലാളികൾ നിലമൊരുക്കി നൽകിയതിനുശേഷം തീറ്റപ്പുൽ നടുകയും പിന്നീട് അത് വേണ്ടവിധത്തിൽ ഉപഭോക്താക്കൾ പരിപാലിക്കുകയും ചെയ്തിരുന്നു. ആയതിനാൽ എല്ലാ കൃഷി സ്ഥലത്തും നല്ലപോലെ തീറ്റപ്പുൽ കാണാൻ സാധിച്ചു.
- കൃത്യസമയത്ത് തന്നെ തീറ്റപ്പുൽ മുറിച്ച് മാറ്റുകയും വേണ്ടവിധത്തിൽ വേറെ വച്ചുപിടിപ്പിക്കുകയും ചെയ്തിരുന്നു.

- ഉപഭോക്താക്കളോട് ചോദിച്ചതിൽ നിന്നും നിലമൊരുക്കൽ പ്രവർത്തി നന്നായി ചെയ്തു നൽകി എന്നാണ് അറിയാൻ സാധിച്ചത്. തീറ്റപ്പുൽകൃഷി ഉപയോഗപ്രദമായ പ്രവർത്തി തന്നെയായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.
- സി ഐ ബി കാണാൻ സാധിച്ചില്ല.

**2. വാർഡ് 8 പെരിയാർവാലി ചേരാനെല്ലൂർ ബ്രാഞ്ച് പുനരുദ്ധാരണം.**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/IC/317825 | വാർഡ് 8 പെരിയാർവാലി ചേരാനെല്ലൂർ ബ്രാഞ്ച് പുനരുദ്ധാരണം | 16/10/18 | 23/10/18 | 61000 | 60169 |

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് (നീളം) | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ്(നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | വാർഡ് 8 പെരിയാർവാലി ചേരാനല്ലൂർ ബ്രാഞ്ച്. | 450m | 450m | 460m | പ്രവർത്തി നന്നായി ചെയ്തിരുന്നു എന്നാണ് അറിയാൻ സാധിച്ചത്. മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ കനാലിൽ വീണ്ടും കാട് പിടിച്ചിരുന്നു |

- പ്രവർത്തി സമയത്ത് പെരിയാർവാലി കനാലിന്റെ രണ്ടു വശത്തായുള്ള മലിനവസ്തുക്കളും കാടും മറ്റും പൂർണ്ണമായും നീക്കം ചെയ്തിരുന്നു എന്നാണ് സമീപവാസികളോടു ചോദിച്ചതിൽ നിന്നും അറിയാൻ സാധിച്ചത്.
- പ്രവർത്തി നന്നായി ചെയ്തിരുന്നു എന്നാണ് സമീപവാസികളോടു ചോദിച്ചതിൽ നിന്നും അറിയാൻ സാധിച്ചത്.
- മാസങ്ങൾക്കു മുൻപ് ചെയ്ത പ്രവർത്തി ആയതിനാൽ പലയിടത്തും വീണ്ടും കാടു പിടിച്ചിരുന്നു.
- പ്രവർത്തി സ്ഥലത്ത് സി ഐ ബി കാണാൻ സാധിച്ചു.

**3. വാർഡ് 8 കൃഷി വകുപ്പുമായി സംയോജിച്ച് ജെ എൽ ജി പാട്ടത്തിനെടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യമാക്കൽ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/LD/236759 | വാർഡ് 8 കൃഷി വകുപ്പുമായി സംയോജിച്ച് ജെ എൽ ജി പാട്ടത്തിന് എടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ റീച്ച് 1 | 2/2/2019 | 27/2/2019 | 209000 | 205037 |

| ക്രമ നമ്പർ | ഗുണ ഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | റിമാർക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | നാരായണൻ | നിലമൊരുക്കൽ | 4513m2 | 624m2 | വിവിധതരം കൃഷി കൾക്കായി നിലം ഒരുക്കിയിരുന്നു |
| 2 | ലക്ഷ്മി | നിലമൊരുക്കൽ | | 480m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പലതും വിളവെടുത്തു കഴിഞ്ഞിരുന്നു. |
| 3 | ലാൽജിൻ | നിലമൊരുക്കൽ | | 192m2<br>324m2 | കപ്പ, ചേന മുതലായ കൃഷികൾ ചെയ്തിരുന്നു |
| 4 | കുഞ്ഞുപിള്ള | നിലമൊരുക്കൽ | | 1054m2 | തൊഴിലാളികൾ നന്നായി പ്രവർത്തി ചെയ്തിരുന്നു എന്നാണ് അറിയാൻ സാധിച്ചത്. |
| 5 | വർഗീസ് | നിലമൊരുക്കൽ | | 875m2 | കൃഷിക്കായി നിലം ഒരുക്കി മഞ്ഞൾ നട്ട തായി കണ്ടു |
| 6 | മേഴ്സി | നിലമൊരുക്കൽ | | 625m2 | ഉപയോഗപ്രദമായ പ്രവർത്തി ആയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. |
| 7 | ആന്റണി | നിലമൊരുക്കൽ | | 150m2 | പ്രവർത്തി ചെയ്തതിനുശേഷം വാഴ നടുകയും പിന്നീട് ഓണത്തിന് സമയമായപ്പോൾ കൃഷി വിളവെടുക്കുകയും ചെയ്തിരുന്നു |
| 8 | സാബു | നിലമൊരുക്കൽ | | 154m2 | പലയിടങ്ങളിലും വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | തിട്ടപ്പെടുത്താൻ സാധിച്ചില്ല |

- മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ഉപഭോക്താക്കളുടെ ഭൂമിയിൽ എല്ലയിടത്തും തന്നെ പ്രവർത്തി നടന്നിരുന്നു.
- വിവിധ തരം കൃഷി കൾക്കായി നിലം ഒരുക്കുകയായിരുന്നു നടത്തിയ പ്രവർത്തി. ചേന, ചേമ്പ്, വാഴ, മഞ്ഞൾ, കപ്പ മുതലായ കൃഷികൾക്കാണ് തൊഴിലാളികൾ നിലം ഒരുക്കിയ ഭൂമിയിൽ ചെയ്തിരുന്നത്.
- മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പലതും വിളവെടുപ്പ് കഴിഞ്ഞിരുന്നു. എങ്കിലും പ്രവർത്തി നടന്ന സ്ഥലം സന്ദർശിച്ചപ്പോൾ പ്രവർത്തി ചെയ്തതായാണ് ആണ് കണ്ടത്.
- വിവിധ തരം കൃഷികൾക്കായി വാരം എടുത്തു നൽകിയിരുന്നു. ഉടമസ്ഥർക്ക് ഉപകാരപ്രദമായ പ്രവൃത്തി ആയിരുന്നു എന്നാണ് അറിയാൻ സാധിച്ചത്.
- പ്രവർത്തി സ്ഥലത്ത് സി ഐ ബി കാണാൻ സാധിച്ചില്ല

**4. വാർഡ് 8 ൽ ഉൾപ്പെടുന്ന പുല്ലാനിക്കുളം പുനരുദ്ധാരണം.**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/WH/290406 | വാർഡ് എട്ടിൽ ഉൾപ്പെടുന്ന പുല്ലാനി കുളം പുനരുദ്ധാരണം | 16/2/2019 | 22/02/19 | 92500 | 41075 |

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് (നീളം *വീതി ) | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ് ( നീളം *വീതി ) | പരിശോധനയിൽ കണ്ട അളവ് (നീളം*വീതി ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പുല്ലാനിക്കുളം | 42m*12m | 26m*8.2m | 52m*11m | പുല്ലാനി കുളത്തിന് വശങ്ങളിലും മറ്റുമായി പ്രവർത്തി ചെയ്തിരുന്നു. പ്രവർത്തി ചെയ്ത സമയത്ത് കുളം നല്ല പോലെ വൃത്തിയാക്കി യിരുന്നു. പ്രവർത്തി നടന്നിട്ട് കുറച്ചു മാസങ്ങൾ ആയതിനാൽ പ്രവർത്തി ഇടം മലിനപ്പെട്ടു തുടങ്ങിയിരുന്നു. |

- പ്രവർത്തി നടന്ന സമയത്ത് കുളത്തിന് ഇരുവശങ്ങളിലായി കാടുവെട്ടി വൃത്തിയാക്കിയിരുന്നു. അതോടൊപ്പം സ്വകാര്യ വെക്തിയുടെ കയ്യിൽ നിന്നും വാടകക്ക് എടുത്ത മോട്ടോർ ഉപയോഗിച്ച് കുളത്തിലെ വെള്ളം വറ്റിച്ച് പായൽ നീക്കം ചെയ്തിരുന്നു.
- പ്രവർത്തി നന്നായി ചെയ്തു എന്നാണ് സമീപവാസികളോടു ചോദിച്ചതിൽ നിന്നും അറിയാൻ സാധിച്ചത്.
- എന്നാൽ മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ കുളത്തിൽ വീണ്ടും പായൽ വന്നു തുടങ്ങിയിരുന്നു. ധാരാളം മീനുകൾ ഈ കുളത്തിൽ വളർത്തുന്നുണ്ട്.
- മെഷർമെൻറ് പ്രകാരമുള്ള അളവിലും കൂടുതൽ പ്രവർത്തി ചെയ്തിരുന്നു. വളരെ നന്നായി തന്നെ പ്രവർത്തി ചെയ്തതായാണ് കാണാൻ സാധിച്ചത്.

- സി ഐ ബി ബോർഡ് കാണാൻ സാധിച്ചു.

### 5- വാർഡ് 8 കുന്നേക്കാട്ട്മല നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/WC/299897 | കുന്നേക്കാട്ട് മല നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 07/11/2018 | 17/11/2018 | 146000 | 143679 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജോണി | മഴക്കുഴി നിർമ്മാണം | 500 മഴക്കുഴി<br>2426m2 | 7 | മഴക്കുഴി കാടുപിടിച്ചു കിടക്കുകയായിരുന്നു. |
| 2 | സെൽഫി | മഴക്കുഴി നിർമ്മാണം | | 6 | മാസങ്ങൾക്കു മുൻപ് ചെയ്ത പ്രവർത്തി ആയതിനാൽ മഴക്കുഴി ഒന്നും തന്നെ കാണാൻ സാധിച്ചില്ല. |
| 3 | ജോസ് | മഴക്കുഴി നിർമ്മാണം | | 8 | മഴ കുഴികളിൽ വാഴ വച്ചിരുന്നു |
| 4 | ചന്ദ്രൻ | മഴക്കുഴി നിർമ്മാണം | | 9<br>22<br>80<br>16 | മഴക്കുഴി ആവശ്യമില്ലാത്തതിനാൽ മൂടി കളഞ്ഞിരുന്നു |
| 5 | ശോഭ | മഴക്കുഴി നിർമ്മാണം | | 40<br>18 | എണ്ണിത്തിട്ടപ്പെടുത്താൻ സാധിച്ചില്ല. |

| | | | | | |
|---|---|---|---|---|---|
| 6 | വേലായുധൻ | മഴക്കുഴി നിർമ്മാണം | | 5<br>6<br>4 | കാടു കയറിയതും കൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 7 | ക്ലാര | മഴക്കുഴി നിർമ്മാണം | | 8 | പ്രവർത്തി ചെയ്തു നൽകി എന്ന് ഉടമ അഭിപ്രായപ്പെട്ടു. |
| 8 | പൗലോസ് | മഴക്കുഴി നിർമ്മാണം | | 18<br>16 | മഴക്കുഴിയിൽ ചേമ്പ് നട്ടിരുന്നു. |
| 9 | ജോസഫ് | മഴക്കുഴി നിർമ്മാണം | | 8<br>12<br>18 | കാടു കയറിയതും കൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 10 | വറിയത് | മഴക്കുഴി നിർമ്മാണം | | 20 | മഴപെയ്ത് മൂടി പോയിരുന്നു |
| 11 | മാർട്ടിൻ | മഴക്കുഴി നിർമ്മാണം | | 22 | മാസങ്ങൾക്കു മുൻപ് ചെയ്തു നൽകിയ പ്രവർത്തി ആയതിനാൽ പരിശോധന സമയത്ത് കൃത്യമായി കാണാൻ സാധിച്ചില്ല |
| 12 | സിനി | മഴക്കുഴി നിർമ്മാണം | | 40 | മഴക്കുഴിയിൽ വാഴ നട്ടിരുന്നു. |
| 13 | സുരേന്ദ്രൻ | മഴക്കുഴി നിർമ്മാണം | | 35<br>20 | പലയിടങ്ങളിലായി കുറച്ചു കുഴികൾ മാത്രമാണ് കാണാൻ സാധിച്ചത്. |
| 14 | തിലകൻ | മഴക്കുഴി നിർമ്മാണം | | 3<br>3 | പ്രവർത്തി ഇടം ഇപ്പോൾ കാടുപിടിച്ച അവസ്ഥയിൽ കാണപ്പെട്ടു. |
| 15 | ജോണി | നിലമൊരുക്കൽ | | 132m2 | കൃഷി ചെയ്തിരുന്നു. |
| 16 | സെൽഫി | നിലമൊരുക്കൽ | | 130m2 | നിലമൊരുക്കി നൽകിയിരുന്നു. |
| 17 | ജോസ് | നിലമൊരുക്കൽ | | 99m2 | നിലമൊരുക്കി നൽകിയ ഭൂമിയിൽ കൃഷി ചെയ്തിരുന്നു |

| | | | | | |
|---|---|---|---|---|---|
| 18 | ചന്ദ്രൻ | നിലമൊരുക്കൽ | | 54m2<br>160m2<br>286m2 | കൃഷി വിളവെടുത്തു പോയിരുന്നു. |
| 19 | ശോഭ | നിലമൊരുക്കൽ | | 322m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവൃത്തി ആയതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 20 | വേലായുധൻ | നിലമൊരുക്കൽ | | 56m2<br>56m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പരിശോധന സമയത്ത് പ്രവർത്തിയിടം കാടുപിടിച്ച് കിടക്കുകയായിരുന്നു അതുകൊണ്ട് അളവ് വ്യക്തംഅല്ലായിരുന്നു |
| 21 | ക്ലാര | നിലമൊരുക്കൽ | | 80m2 | പ്രവർത്തി എല്ലായിടത്തും തന്നെ ചെയ്തിരുന്നു. |
| 22 | പൗലോസ് | നിലമൊരുക്കൽ | | 356m2 | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കി നൽകിയതിനാൽ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 25 | ജോസഫ് | നിലമൊരുക്കൽ | | 50m2<br>45m2 | ചിലയിടങ്ങളിൽ കാടു പിടിച്ച് കിടക്കുകയായിരുന്നു. |
| 26 | വറിയത് | നിലമൊരുക്കൽ | | 70m2 | നിലം ഒരുക്കിയ പ്രവർത്തിസ്ഥലത്ത് മഞ്ഞൾ കൃഷി ചെയ്തിരുന്നു. |
| 27 | മാർട്ടിൻ | നിലമൊരുക്കൽ | | 36m2 | അളവെടുക്കാൻ പാകത്തിന് അല്ലായിരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 28 | സിനി | നിലമൊരുക്കൽ | | 120m2 | വാഴ കൃഷി ചെയ്തിരുന്നു. |
| 29 | സുരേന്ദ്രൻ | നിലമൊരുക്കൽ | | 161m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ കൃഷി വിളവെടുത്തു പോയിരുന്നു. |
| 30 | തിലകൻ | നിലമൊരുക്കൽ | | 161m2 | കൃഷി വിളവെടുത്തു പോയിരുന്നു. |

- കുന്നേക്കാട്ടുമല നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം പ്രവർത്തിയിൽ വിവിധ ഭൂമികളിൽ ആയി മഴക്കുഴി നിർമ്മിച്ചിരുന്നു.
- എന്നാൽ മാസങ്ങൾക്കു മുൻപു നടന്ന പ്രവർത്തി ആയതിനാൽ മഴക്കുഴി പലതും മൂടി പോയിരുന്നു. അതുകൊണ്ട് കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല.
- അതോടൊപ്പം മഴക്കുഴികളിൽ പലതിലും വാഴ വെച്ചിരിക്കുകയായിരുന്നു. മഴ മൂലം പല കുഴികളും മൂടി പോയിരുന്നു.
- മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ മഴക്കുഴികൾ കാടുപിടിച്ച് കിടക്കുകയായിരുന്നു. എങ്കിലും ഉടമസ്ഥനോട് ചോദിച്ചതിൽ നിന്നും പ്രവർത്തി നന്നായി ചെയ്തു നൽകി എന്നാണ് അറിയാൻ സാധിച്ചത്.
- <u>സി ഐ ബി കാണാൻ സാധിച്ചില്ല.</u>

**6. പ്രകൃതി ക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിത ബാധിത പ്രദേശങ്ങളിൽ കാനകളുടെയും തൊടുകളുടെയും പുനരുദ്ധാരണം**

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| FP/306850 | 21/12/2018 | 20/03/2019 | 355000 | 349242 |

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് (നീളം ) | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ്( നീളം) | പരിശോധനയിൽ കണ്ടെത്തിയഅളവ് (നീളം ) | റിമാർക്ക്സ് |
|---|---|---|---|---|---|
| **1** | കൊടുവേലി തോട് | 500m | 497m | 490m | **പ്രവർത്തി നന്നായി ചെയ്തിരുന്നു എന്നാണ് അറിയാൻ സാധിച്ചത്** |
| **2** | പുല്ലാനി കുളം ബ്രാഞ്ച് തോട് | 1350m | 1350m | 750m | **അളവെടുക്കാൻ സാധിക്കാത്തവിധം തോടിനെ പലഭാഗങ്ങളിലായി മലിനജലം ഉണ്ടായിരുന്നു.** |
| **3** | ഫീഡർ ചാനൽ | 1350m | 1350m | 750m | **മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പലഭാഗങ്ങളിലും കാടുപിടിച്ചിരുന്നു.** |
| **5** | വലിയ കുളം തോട് | 1250m | 1238.4m | 680m | **സമീപവാസികൾ ഓട് ചോദിച്ചതിൽ നിന്നും പ്രവർത്തിച്ച ചെയ്തിരുന്നു എന്നാണ് അറിയാൻ സാധിച്ചത്** |

| | | | | | |
|---|---|---|---|---|---|
| | | | | | **അത്.** |
| 6 | കരണ്ട കുളം തോട് | 850m | 873m | 640m | **തോടിന്റെ പലഭാഗങ്ങളിലും അളവെടുക്കൽ പൂർത്തിയാക്കാൻ സാധിച്ചില്ല.** |

- പ്രളയത്തിനുശേഷം കാന, തോട് എന്നിവയിൽ ധാരാളം ചെളിയും മലിനവസ്തുക്കളും അടിഞ്ഞുകൂടിയിരുന്നു. ഇവയെല്ലാം തൊഴിലാളികൾ കോരി നീക്കം ചെയ്തിരുന്നു.
- നീക്കം ചെയ്ത ചെളി തോടിന്റെ ഇരുവശങ്ങളിലും അതോടൊപ്പം സമീപത്തുള്ള ഉടമസ്ഥരുടെ ഭൂമിയിലുമായി നിക്ഷേപിച്ചിരുന്നു.
- പിന്നീട് തോടുകളുടെയും കാനകളുടെയും ഇരുവശങ്ങളിലുമായി ഉണ്ടായിരുന്ന കാട് വെട്ടിമാറ്റിയിരുന്നു.
- പ്രവർത്തി സമയത്ത് കാടുകൾ വെട്ടിമാറ്റിയാണ് തൊഴിലാളികൾ പ്രവർത്തി സ്ഥലത്തേക്ക് എത്തിച്ചേർന്നത്. എന്നാൽ ഇപ്പോൾ തോടിന്റെ പലഭാഗങ്ങളിലും വീണ്ടും കാടു പിടിച്ചിരിക്കുകയായിരുന്നു. ആയതിനാൽ മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ് എടുക്കാൻ സാധിച്ചില്ല.
- പ്രവർത്തി ചെയ്ത സമയത്ത് ബൂട്ട്, കൈയുറ എന്നിവ തൊഴിലാളികൾ ഉപയോഗിച്ചു എന്നാണ് അറിയാൻ സാധിച്ചത്.
- പ്രവർത്തി സ്ഥലത്ത് സി ഐ ബി കാണാൻ സാധിച്ചില്ല.

### 7. പെരിയാർ വാലി കനാൽ (ഒക്കൽ ബ്രാഞ്ച് )പുനരുദ്ധാരണം

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| 1608004004/IC/317826 | 13/11/18 | 26/11/19 | 81000 | 80001 |

\

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്( നീളം ) | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ് (നീളം) | പരിശോധനയിൽ കണ്ടെത്തിയഅളവ് (നീളം ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | പെരിയാർ വാലി കനാൽ | 500m | 500 m | 490m | കനാലിന്റെ ഇരുവശങ്ങളിലായി ഇപ്പോൾ കാടു കയറി കിടക്കുന്നുണ്ട്. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് അറിയാൻ സാധിച്ചു |

- പ്രവർത്തി സമയത്ത് പെരിയാർവാലി കനാലിന്റെ രണ്ടു വശത്തായുള്ള മലിനവസ്തുക്കളും കാടും മറ്റും പൂർണ്ണമായും നീക്കം ചെയ്തിരുന്നു എന്നാണ് സമീപവാസികളോടു ചോദിച്ചതിൽ നിന്നും അറിയാൻ സാധിച്ചത്.
- പ്രവർത്തി സ്ഥലത്ത് സി ഐ ബി കാണാൻ സാധിച്ചു.
- മാസങ്ങൾക്കു മുൻപ് ചെയ്ത പ്രവർത്തി ആയതിനാൽ പലയിടത്തും വീണ്ടും കാടു പിടിച്ചിരുന്നു.
- പ്രവർത്തി ചെയ്തപ്പോൾ തൊഴിലാളികൾ ബൂട്ട്,കൈയുറ എന്നിവ ഉപയോഗിച്ചു എന്നാണ് അറിയാൻ സാധിച്ചത്.

**8- വാർഡ് 8 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്ച് 1**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| 1608004004/LD/331135 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്ച് 1 | 4/2/2019 | 21/2/2019 | 245800 | 242624 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | റിമാർക്ക് |
|---|---|---|---|---|---|
| 1 | മേരി | നിലമൊരുക്കൽ | 5248m2 | 165m2 | തെങ്ങിന് തടം എടുത്തു നൽകിയിരുന്നു |
| 2 | യാക്കോബ് | നിലമൊരുക്കൽ | | 132m2 | മാസങ്ങൾക്കുമുമ്പ് നടന്ന പ്രവർത്തി ആയതിനാൽ കൃഷിനശിച്ചു പോയിരുന്നു. |

| | | | | | |
|---|---|---|---|---|---|
| 3 | യാക്കോബ് | നിലമൊരുക്കൽ | | 81 m2 | മാസങ്ങൾക്കുമുമ്പ് നടന്ന പ്രവർത്തി ആയതിനാൽ കൃഷി വിളവെടുത്തു പോയിരുന്നു. |
| 4 | റെബി | നിലമൊരുക്കൽ | | 160m2 | ജാതിക്ക് തടം എടുത്തിരുന്നു. |
| 5 | ജയശ്രീ | നിലമൊരുക്കൽ | | 35m2 | ഉടമസ്ഥരോടു ചോദിച്ചതിൽ നിന്നും പ്രവർത്തി നന്നായി ചെയ്തു നൽകി എന്നാണ് പറഞ്ഞത്. |
| 6 | കൃഷ്ണൻ | നിലമൊരുക്കൽ | | 60m2 | മഞ്ഞൾ കൃഷി ചെയ്തിരുന്നു. |
| 7 | പൈലി | നിലമൊരുക്കൽ | | 108m2 | പയർ കൃഷി ചെയ്തിരുന്നു. |
| 8 | പരമേശ്വരൻ | നിലമൊരുക്കൽ | | 272m2 | പ്രവർത്തിയിടം നല്ല രീതിയിൽ നിലം ഒരുക്കി നൽകിയിരുന്നു. |
| 9 | അയ്യപ്പൻ | നിലമൊരുക്കൽ | | 100m2 | പ്രവർത്തി നടന്ന സ്ഥലം കാടുപിടിച്ച് കിടക്കുകയായിരുന്നു. |
| 10 | രുക്മണി | നിലമൊരുക്കൽ | | 150 m2 | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 11 | ബെന്നി | നിലമൊരുക്കൽ | | 108 m2 | നിലം ഒരുക്കി നൽകി എന്നാണ് |

| | | | | | |
|---|---|---|---|---|---|
| | | | | 270 m2 | ഉടമസ്ഥൻ പറഞ്ഞത്. |
| 12 | ഗോപി | നിലമൊരുക്കൽ | | 180 m2 | പ്രവർത്തി സമയത്ത് നിലമൊരുക്കൽ നന്നായി ചെയ്തിരുന്നു എന്നാണ് അറിയാൻ സാധിച്ചത്. |
| 13 | ജോസ് | നിലമൊരുക്കൽ | | 81 m2 | കൃഷി വിളവെടുത്തു പോയിരുന്നു |
| 14 | വേലായുധൻ | നിലമൊരുക്കൽ | | 90 m2<br>128 m2 | വാഴ കൃഷി ചെയ്തിരുന്നു |
| 15 | തങ്കച്ചൻ | നിലമൊരുക്കൽ | | 242 m2 | തൊഴിലാളികൾ പ്രവർത്തി നന്നായി ചെയ്തു നൽകിയെന്നാണ് ഭൂവുടമ പറഞ്ഞത്. |
| 16 | കിട്ടു | നിലമൊരുക്കൽ | | 224m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പരിശോധന സമയത്ത് അളവുകൾ കൃത്യമായി തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 17 | ഡൊമിനിക് | നിലമൊരുക്കൽ | | 127 m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവൃത്തിയായിരുന്നതിനാൽ അളവ് എടുക്കാൻ സാധിച്ചില്ല. |
| 18 | സെബി | നിലമൊരുക്കൽ | | 300 m2 | നിലം ഒരുക്കി കൃഷി ചെയ്തിരുന്നു. |
| 19 | വർഗീസ് | നിലമൊരുക്കൽ | | 280 m2 | പ്രവൃത്തി ഇടം ഇപ്പോൾ കാടുപിടിച്ച് കിടക്കുന്നതായി |

| | | | | | |
|---|---|---|---|---|---|
| | | | | | കാണപ്പെട്ടു. |
| 20 | വർക്കി | നിലമൊരുക്കൽ | | 198 m2 | അളവെടുക്കാൻ പാകത്തിന് ആയിരുന്നില്ല. |
| 21 | ബാലൻ | നിലമൊരുക്കൽ | | 200 m2 | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലം ഒരുക്കി നൽകിയതിനാൽ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല. |
| 22 | നാരായണൻ | നിലമൊരുക്കൽ | | 192 m2 | പ്രവർത്തി സമയത്ത് തൊഴിലാളികൾ വളരെ നല്ല രീതിയിൽ പ്രവർത്തി ചെയ്തു നൽകി എന്നാണ് അറിയാൻ സാധിച്ചത് |
| 23 | ജോർജ് | നിലമൊരുക്കൽ | | 96 m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ ഇപ്പോൾ കാടുകയറി കിടക്കുകയായിരുന്നു. |
| 24 | ഷൈബു | നിലമൊരുക്കൽ | | 280 m2 | കൃഷിക്കായി നിലം ഒരുക്കി നൽകിയിരുന്നു. |
| 25 | മേരി | നിലമൊരുക്കൽ | | 99 m2 | മഞ്ഞൾ, ചേമ്പ് എന്നിവ നട്ടിരുന്നു. |
| 26 | കുഞ്ഞച്ചൻ | നിലമൊരുക്കൽ | | 160 m2 | മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പരിശോധന സമയത്ത് അളവുകൾ കൃത്യമായി |

| | | | | | |
|---|---|---|---|---|---|
| | | | | | തിട്ടപ്പെടുത്താൻ പാകത്തിനല്ലായിരുന്നു |
| 27 | വിജയൻ | നിലമൊരുക്കൽ | | 288 m2 | വാഴ കൃഷി ചെയ്തിരുന്നു |
| 28 | ബിജു | നിലമൊരുക്കൽ | | 270 m2<br>42 m2 | ജാതിക്കു തടം എടുത്തിരുന്നു. |
| 29 | പത്മജ | നിലമൊരുക്കൽ | | 325 m2 | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കി അതിനാൽ അളന്നു തിട്ടപ്പെടുത്താൻ സാധിച്ചില്ല |

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം പ്രവർത്തിയുടെ ഭാഗമായി മുകളിൽ കൊടുത്തിരിക്കുന്ന എല്ലാ ഉടമസ്ഥരുടെ ഭൂമിയും കൃഷിക്കായി നിലം ഒരുക്കിയിരുന്നു.
- മഞ്ഞൾ, പയർ, വാഴ എന്നിങ്ങനെയുള്ള കൃഷികൾ ചെയ്യുകയും തെങ്ങ്, ജാതി എന്നിവയ്ക്ക് തടം എടുത്തു നൽകുകയും ചെയ്തിരുന്നു.
- എന്നാൽ മാസങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തി ആയതിനാൽ പലയിടത്തും ഒന്നും തന്നെ കാണാൻ സാധിച്ചില്ല.
- പല ഭൂമിയിലും കൃഷിയുടെ വിളവെടുപ്പ് കഴിഞ്ഞതിനാൽ കാടുകയറി കിടക്കുന്ന അവസ്ഥയിലായിരുന്നു. എങ്കിലും ഉടമസ്ഥരുടെ ചോദിച്ചതിൽ നിന്നും തൊഴിലാളികൾ നന്നായി തന്നെ പ്രവർത്തി ചെയ്തു നൽകി എന്നാണ് അറിയാൻ സാധിച്ചത്.
- കൂടുതൽ ഉടമസ്ഥർക്കും ഉപയോഗപ്രദമായ പ്രവർത്തി ആയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.
- സി ഐ ബി കാണാൻ സാധിച്ചില്ല.

## 9. പൊതു/ സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നടീലും സംരക്ഷണവും

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| DP/171935 | പൊതു /സ്വകാര്യ ഭൂമിയിൽ വൃക്ഷ തൈകൾ നടീലും സംരക്ഷണവും | 5/12/2018 | 7/12/18 | 56000 | 18201 |

| ക്രമ നമ്പർ | പ്രവർത്തി നടന്ന സ്ഥലം | എസ്റ്റിമേറ്റ് പ്രകാരമുള്ള തൈകളുടെ എണ്ണം | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള തൈകളുടെ എണ്ണം | പരിശോധനയിൽ ലഭിച്ച തൈകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പൊതു /സ്വകാര്യ ഭൂമിയിൽ വൃക്ഷ തൈെ നടൽ | 1000 | 600 | 35 | കനാൽ ബണ്ടിൽ ചുറ്റും കാടു കയറി മൂടി കിടക്കുകയായിരുന്നു. തൈകൾ പലതും വെയിലത്തു നശിച്ചു പോയതായി കണ്ടു. |

- കനാൽ ബണ്ടിന്റെ പരിസരം വളരെ കാടുമൂടിയ രീതിയിൽ ആണ് കാണാൻ സാധിച്ചത്. അതുകൊണ്ടുതന്നെ വൃക്ഷത്തൈകൾ എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കുമായിരുന്നില്ല.
- കൂടാതെ തൈകൾ നട്ടതിനു ശേഷം അവ നനക്കാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ട് നശിക്കാൻ ഇടയായി എന്ന് ബണ്ടിന്റെ അടുത്ത് താമസിക്കുന്നവർ അഭിപ്രായപ്പെട്ടു.

- അതോടൊപ്പം വളരെ കഠിനമായ വെയിൽ ഉള്ള സമയത്താണ് വൃക്ഷത്തൈ വച്ചുപിടിപ്പിച്ചത്. മഴ ലഭിക്കാത്ത സമയമായതിനാൽ വച്ചുപിടിച്ച വൃക്ഷത്തൈ കളിൽ ഭൂരിഭാഗവും ഉണങ്ങിപ്പോയി.

**നിർദേശങ്ങൾ**

**ബി.ഡി.ഒ .**

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡിക്ടൂഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്.
- പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുന്നതു ഗുണകരമായിരിക്കും.

**സെക്രെട്ടറി/അസിസ്റ്റന്റ് സെക്രട്ടറി**

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- 7 രെജിസ്റ്ററുകളും മെഷർമെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക.
- തൊഴിലാളികളുടെ അവകാശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക.

**നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിക്ടൂഡ് എഞ്ചിനീയർ , ഓവർസിയർ**

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്യൂലർ പ്രകാരം 22 ഡോക്യൂമെന്റസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മാസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം.

- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക.
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

**മേറ്റ്**

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.
- ഹാജർ, അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക.
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക.
- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന് ഉറപ്പു വരുത്തുക.
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക.

## പ്രധാന നിരീക്ഷണങ്ങൾ

- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്.
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.
- പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

- ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.
- 100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അറിയാൻ പറ്റി.
- വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക്ക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .
- തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട് .
- തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്. എന്നാൽ 6 തൊഴിലാളികൾക്ക് മാത്രമാണ് 100 തൊഴിൽ ലഭിച്ചിരുന്നത് അത്.
- വാർഡ് 8 ലെ തൊഴിലാളികൾ രണ്ടു ഭാഗമായാണ് തൊഴിലെടുത്ത് ചെയ്യുന്നത്. അതിൽ ഒരുഭാഗം തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിൽ ഉണ്ടെങ്കിലും അടുത്ത ഭാഗം തൊഴിലാളികൾക്ക് കൃഷിഭൂമി കുറവായതിനാൽ തൊഴിൽ ലഭിക്കുന്നത് വളരെ കുറവാണ്.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികളിൽ ചിലർക്ക് ധാരണ ഇല്ലായിരുന്നു.
- തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ച ഒരു തൊഴിലാളികൾക്ക് ചികിത്സാ ചെലവ് ലഭിച്ചതായി അറിയാൻ സാധിച്ചു.
- തൊഴിൽ അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ നിർബന്ധമായും തൊഴിൽ നൽകണം എന്നാണ് നിയമം.
- 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിചില്ല എങ്കിൽ തൊഴിൽ ഇല്ലായ്മ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ ഇതുവരെ ആരും തന്നെ ഇതിന് അപേക്ഷ നൽകിയിട്ടില്ല.
- തൊഴിൽ കാർഡ് ലഭിച്ചതിന് പ്രത്യേകം ഫീസ് ആരുംതന്നെ നൽകിയിട്ടില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.
- ബൂട്ട് , കൈയുറ , പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ തൊഴിലിടങ്ങളിൽ ലഭിക്കുന്നുണ്ട്.
- തൊഴിലാളികൾക്ക് 5 km ചുറ്റളവിൽ പണി കൊടുക്കണം എന്നാണ് നിയമം.ഈ വാർഡിലെ തൊഴിലാളികൾക്കും 5 km ചുറ്റളവിൽ തൊഴിൽ ലഭിക്കുന്നുണ്ട്.
- പ്രവൃത്തി സ്ഥലത്ത് കുടിവെള്ളം, തണലിനായി ടാർപ്പ എന്നിവ ലഭ്യമാണ്.
- തൊഴിൽ ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാറില്ല.
- ആയുധ വാടക തൊഴിലുപകരണങ്ങൾ കൊണ്ടുവരുന്ന എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്നുണ്ട്.
- ഫോട്ടോസ്റ്റാറ്റ് ചാർജ്, ബസ് ചാർജ് എന്നിവയ്ക്ക് ചിലവാകുന്ന തുക മേറ്റുമാരുടെ സ്വന്തംചിലവിൽ ആണ് എടുക്കുന്നത്.

## നന്ദി

ഒക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

## ഒക്കൽ ഗ്രാമപഞ്ചായത് വാർഡ്- 8( കൂടാലപ്പാട്)
## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്സ്

ഒക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് എട്ടിലെ ഗ്രാമസഭ 30/11/ 2019 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 പി എമ്മിന് കൊടുവേലിപ്പടി അംഗനവാടി നമ്പർ 27ൽ വച്ച് നടത്തപ്പെട്ടു. 81 ആളുകൾ ഗ്രാമസഭയിൽ പങ്കെടുത്തു.

അധ്യക്ഷനെ തെരഞ്ഞെടുക്കൽ ആയിരുന്നു യോഗത്തിന്റെ ആദ്യ നടപടി. തൊഴിലാളികൾ എല്ലാവരും ചേർന്ന് യോഗത്തിന്റെ അധ്യക്ഷയായി ശ്രീമതി ത്രേസ്യ അല്ലേശിനെ തെരഞ്ഞെടുത്തു. വാർഡ് എട്ടിലെ മെമ്പറായ ശ്രീമതി ജെസി ഷാജൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഒക്കൽ പഞ്ചായത്തിലെ ഉദ്യോഗസ്ഥയായ ഓവർ സീർ, വാർഡിലെ മേറ്റ്മാർ, സി ഡിഎസ് പ്രതിനിധി, തൊഴിലാളികൾ, കൂവപ്പടി ബ്ലോക്കിലെ വി ആർ പിമാർ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു. അധ്യക്ഷന്റെ നേതൃത്വത്തിൽ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പിന്നീട് വി ആർ പി ജൂബി ഭരണഘടനാ പ്രതിജ്ഞ എല്ലാവർക്കും ചൊല്ലിക്കൊടുത്തു. വാർഡ് ഏട്ടിലെ മേറ്റ് ആയ ശ്രീമതി ജെസ്സി ജോസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അതിനുശേഷം യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് വാർഡ് മെമ്പർ ജെസി ഷാജൻ സംസാരിച്ചു. അതോടൊപ്പം യോഗത്തിന് അധ്യക്ഷയായ ശ്രീമതി ത്രേസ്യ അല്ലേശ് അധ്യക്ഷ പ്രസംഗം നടത്തി. ശേഷം വി ആർ പി ആമുഖം എന്നപോലെ സോഷ്യൽ ഓഡിറ്റിനും കുറിച്ച് സംസാരിച്ചു.പിന്നീട് വി ആർ പി തയ്യാറാക്കിയ

ഗ്രാമസഭാ റിപ്പോർട്ടുകൾ വിവിധ ഘട്ടങ്ങളിലായി അവതരിപ്പിച്ചു. പിന്നീട് പൊതുചർച്ച നടത്തി.

ഗ്രാമസഭയിൽ ചർച്ച ചെയ്ത പ്രധാന കാര്യങ്ങളും വിഷയങ്ങളും

1. ഉച്ചക്ക് ഒരു മണി മുതൽ 2 മണി വരെയുള്ള വിശ്രമവേളയിൽ വീട്ടിൽ പോകാൻ അനുവദിക്കണം എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന ആവശ്യം. തൊഴിലിടങ്ങളിൽ ടോയ്ലറ്റ് സൗകര്യമില്ലാത്തതിനാൽ ഈ നടപടിയുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ഇടയിൽ നിന്നും വൻ പ്രതിഷേധമാണ് ഉണ്ടായത്.

2.വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് മേല്പറഞ്ഞ നടപടിയിൽ മാറ്റം വരുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് BDO ക്ക് കത്ത് അയച്ചിട്ടുണ്ട് എന്ന് ഓവർസീർ മറുപടി നൽകി.

3. പ്രധാനമായും ഈ വാർഡിലെ തൊഴിലാളികൾ രണ്ടു ഭാഗമായാണ് തൊഴിൽ കണ്ടെത്തി ചെയ്യുന്നത്. എന്നാൽ പ്രവർത്തി സ്ഥലം കുറവായതിനാൽ അതിൽ ഒരു ഒരു വിഭാഗം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നത് വളരെ കുറവാണ്.

4. ആയതിനാൽ പ്രവർത്തി സ്ഥലം കൂടുതലുള്ള ഭാഗത്തുനിന്ന് തൊഴിൽ അവർക്ക് കൂടി നൽകണമെന്ന് അഭിപ്രായപ്പെടുകയും മറുപടിയായി ആ ഭാഗത്തെ മേറ്റ് തൊഴിൽ നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

5. തരിശുഭൂമിയിൽ കൃഷി ചെയ്യുക,ജെ എൽ ജി ഗ്രൂപ്പ് രൂപീകരിക്കുക എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് അഭിപ്രായപ്പെട്ടു.

6. ഫോട്ടോസ്റ്റാറ്റ്, ബസ് ചാർജ് എന്നിവയ്ക്ക് ചിലവാകുന്ന തുക മേറ്റുമാർ സ്വന്തം ചെലവിലാണ് എടുക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. അതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ കൃത്യമായ ബില്ല് നൽകാതെ ഫണ്ട് ലഭിക്കില്ല എന്നാണ് അറിയാൻ സാധിച്ചത്. പലപ്പോഴും യാത്ര ചിലവിന് കൃത്യമായ ബില്ല് ലഭിക്കാറില്ല.

7. ആട്ടിൻകൂട് കോഴിക്കോട് നിർമ്മാണം എന്നിവ എങ്ങനെ ചെയ്യാമെന്ന് ഓവർസീർ തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു.

8. ഡിമാൻഡ് നൽകുമ്പോൾ തീയതി കൃത്യമായി എഴുതണം എന്ന് അഭിപ്രായപ്പെട്ടു.

9. തൊഴിലിനുവേണ്ടി ഡിമാൻഡ് നൽകുമ്പോൾ പഞ്ചായത്തിൽ നിന്നും കൈപ്പറ്റ് രസീത് നിർബന്ധമായും വാങ്ങണം എന്ന് അഭിപ്രായപ്പെട്ടു.

10. SC/ST, BPL, വിധവകൾ തുടങ്ങിയവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് നിർദേശിച്ചു.

11. പ്രവർത്തി ചെയ്യുന്നെങ്കിൽ വിവിധ പ്രായക്കാർ ഉണ്ടെങ്കിലും കൃത്യമായ അളവിൽ പ്രവർത്തി പൂർത്തിയാക്കണമെന്ന് ഓവർസീർ അഭിപ്രായപ്പെട്ടു.

12. 100 ദിവസം തൊഴിൽ ലഭിക്കുന്നില്ല പ്രവർത്തി സ്ഥലം പരിമിതമാണ് എന്നെല്ലാമുള്ള പരാതികൾ തൊഴിലാളികൾ ഉന്നയിച്ചു. അയൽക്കൂട്ട ചർച്ച,പദ്ധതി ആസൂത്രണം എന്നിവ വഴി ആസ്തി  ലഭിക്കുന്ന പ്രവർത്തികൾ കണ്ടെത്തണമെന്ന് അഭിപ്രായപ്പെട്ടു.

13. തൊഴിലിനായി ഡിമാൻഡ് നൽകുന്ന എല്ലാ തൊഴിലാളികളും തൊഴിലിന് വരണമെന്ന് നിർദ്ദേശിച്ചു.

അതിനുശേഷം യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഗ്രാമസഭ അവസാനിപ്പിച്ചു.